# Syro-Malabar Eparchy of St Thomas, the Apostle, Melbourne

MY LORD MY GOD

Prot. No. MPL: 160/24/6 17 December 2024

## *സർക്കുലർ*
## 2025 ജൂബിലി വർഷം

മിശിഹായിൽ പ്രിയപ്പെട്ട വൈദീകരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

സമാഗതമാകുന്ന ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും പ്രാർത്ഥനാനിർഭരമായ ആശംസകളും അനുഗ്രഹങ്ങളും നേരുന്നു.

ക്രിസ്തുമസ്സിന്റെ കാതലായ സന്ദേശം ഇന്നത്തെ സുവിശേഷത്തിലൂടെ വി. മത്തായി ശ്ലീഹ നമ്മെ പഠിപ്പിക്കുന്നു: "കന്യക ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും, ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും." ദൈവം ആകാശങ്ങൾക്കപ്പുറത്തോ ആഴിയുടെ അഗാധതയിലോ അല്ല വസിക്കുന്നത്. മറിച്ച്, നമ്മുടെ ഇടയിൽ വസിച്ചു. ഇന്നും വസിക്കുന്നു. വി. ലൂക്കായുടെ സുവിശേഷം 17:21 – ൽ പറയുന്നു "ദൈവരാജ്യം നിങ്ങളിലാകുന്നു. " വി. പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നതും ഇതേ സന്ദേശം തന്നെയാണ്. നിങ്ങൾ ദൈവത്തിന്റെ ആലയങ്ങളാണ്. (1 കൊറി. 3: 16). ദൈവപുത്രൻ മനുഷ്യനായി ജനിച്ചത് മനുഷ്യരെ ദൈവപുത്രരാക്കുവാനാണെന്ന വി. അത്തനേഷ്യസിന്റെ വാക്കുകൾ ഈ ആശയങ്ങളെ കൂട്ടിയിണക്കുന്നു. നമ്മുടെ ഇടയിൽ വസിക്കുന്ന ക്രിസ്തുവിനെ കണ്ടെത്തുകയും ആ സാന്നിദ്ധ്യം അനുഭവിക്കുകയും ചെയ്യുന്ന അവസരമാണ് ക്രിസ്തുമസ്സ്. ലോക രക്ഷകനായ ഈശോ മനുഷ്യാവതാരത്തിലൂടെ നമ്മുടെ ഇടയിൽ വസിച്ചതിന്റെ 2025 വർഷത്തിലേക്ക് നാം പ്രവേശിക്കുകയാണ്.

2025 വർഷം പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ജൂബിലി വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. 2024 ഡിസംബർ മാസം 24 –ാം തിയിതി മുതൽ 2025 തിരുക്കുടുംബത്തിന്റെ തിരുനാൾ വരെ നീണ്ടു നിൽക്കുന്ന ജൂബിലി ആചരണം നമ്മുടെ ആത്മീയ വളർച്ചയ്ക്കും നവീകരണത്തിനും സഹായകമായ ഒരു അവസരമാണ്.

കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ ബോനിഫെസ് എട്ടാമൻ മാർപാപ്പയാണ് 1300 – ൽ ആദ്യമായി ജൂബിലി വർഷം പ്രഖ്യാപിക്കുന്നതും തുടക്കമിടുന്നതും. പിന്നീട് 25, 50 വർഷങ്ങൾ തോറും ജൂബിലി വർഷങ്ങൾ ആചരിക്കുകയും പ്രത്യേക അവസരങ്ങളിൽ അസാധാരണ ജൂബിലിവർഷങ്ങൾ പഖ്യപിക്കപ്പെടുകയും ചെയ്തിരുന്നു.

ജൂബിലി വർഷം കൃപയുടെ ഒരു പ്രത്യേകവർഷമാണ്. വിശ്വാസികൾക്ക് ഇത് പൂർണ്ണ ദണ്ഡവിമോചനം ലഭിക്കുവാൻ തിരുസ്സഭ നൽകുന്ന അവസരമാണ്.

2025 ജൂബിലി വർഷത്തിൽ സന്ദേശമായി മാർപാപ്പ നമുക്ക് നൽകിയിരിക്കുന്നത് **Pilgrims of Hope** അഥവാ നാം പ്രതീക്ഷയുടെ തീർത്ഥാടകർ എന്നുള്ളതാണ്. നാം പ്രതീക്ഷയുടെ തീർത്ഥാടകർ ആണെന്ന ജൂബിലി സന്ദേശത്തിന്റെ പശ്ചാത്തലമായി പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപാപ്പ ഏതാനും പ്രധാനപ്പെട്ട കാര്യങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. ഒന്നാമതായി കഴിഞ്ഞ വർഷങ്ങളിൽ ലോകം നേരിട്ട കോവിഡ് രോഗത്തിന്റെ വ്യാപനവും അതുമൂലം നാം നേരിട്ട സമാനതകളില്ലാത്ത പ്രതിസന്ധികളും; രണ്ടാമതായി ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിലനിൽക്കുന്ന യുദ്ധങ്ങളും, ഭീകര പ്രവർത്തനങ്ങളും, പ്രകൃതിക്ഷോഭങ്ങളും തന്മൂലമുണ്ടായിരിക്കുന്ന പട്ടിണിയും സഹനങ്ങളും. പക്ഷേ നമ്മുടെ സന്തോഷങ്ങളിലും സങ്കടങ്ങളിലും കൈപിടിച്ച് കൂടെ നടക്കുന്നവനാണ് നമ്മുടെ ദൈവം. പ്രതീക്ഷ ലോകത്തിൽ നിന്നല്ല, മറിച്ച് ദൈവത്തിൽ നിന്നുമാണ് നമുക്ക് ലഭിക്കുന്നത്. പ്രതീക്ഷ ജീവിതത്തെ എപ്പോഴും മുമ്പോട്ട് നയിക്കുന്നു. നിരാശയിൽപ്പെട്ട് വിഷമിച്ച ലോകത്തിൽ പ്രത്യാശയുമായി കടന്നുവരുന്ന ഈശോ അന്ധകാരമയമായ ഈ ലോകത്തിൽ പ്രത്യാശയുടെ തിരിനാളമായി നമ്മിൽ വസിക്കുന്നു.

സങ്കീർത്തനം 71:5 ഓർമിപ്പിക്കുന്നത് ഈ ചിന്തയാണ്. "ദൈവമേ നീ എന്റെ രക്ഷയും, കോട്ടയും പ്രത്യാശയുമാണ്." പ്രതീക്ഷ നമ്മെ ഒരിക്കലും നിരാശപ്പെടുത്തുന്നില്ല എന്ന് പൗലോസ് ശ്ലീഹാ റോമാക്കാർക്ക് എഴുതിയ ലേഖനം 5-ാം അദ്ധ്യായം 5-ാം വചനം നമ്മെ പഠിപ്പിക്കുന്നു.

പ്രതീക്ഷയുടെ തിർത്ഥാടകരാണ് നാം. നമ്മുടെ ജീവിതം ഒരു തീർത്ഥാടനവും നാം ഓരോരുത്തരും തീർത്ഥാടകരുമാണ്. ദൈവത്തിൽ നിന്നും വരികയും ദൈവത്തിലേക്ക് തിരികെ പോകേണ്ടവരുമാണ് നാം. ഓരോ തീർത്ഥാടനവും ഇക്കാര്യം നമ്മെ വ്യക്തമായി ഓർമിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നുണ്ട്.

കത്തോലിക്കാ സഭയിലെ ജൂബിലി ആഘോഷങ്ങൾക്ക് അഗാധമായ ആത്മീയ പ്രാധാന്യമുണ്ട്. കരുണ, അനുരഞ്ജനം, നവീകരണം എന്നീ വിഷയങ്ങളാൽ അടയാളപ്പെടുത്തുന്നു. ദൈവവും സഹോദരങ്ങളുമായി ഐക്യപ്പെടാനും അനുരഞ്ജിതരാകുവാനും മാർപാപ്പ ഈ അവസരത്തിൽ നമ്മോട് ആഹ്വാനം ചെയ്യുന്നുണ്ട്.

2025 ജൂബിലി വർഷത്തോടനുബന്ധിച്ച് നമ്മുടെ രൂപതാ അംഗങ്ങളുടെ ആത്മീയ നവീകരണത്തിനും നന്മയ്ക്കുമായി താഴെപ്പറയുന്ന കാര്യങ്ങളിൽ നിങ്ങളുടെ ആത്മാർത്ഥമായ സഹകരണവും പ്രാർത്ഥനയും ഞാൻ പ്രതീക്ഷിക്കുന്നു.

**1)** ക്രിസ്തുമസ്സ് ദിത്തിൽ ജൂബിലി തിരിതെളിച്ച് ജൂബിലി പ്രാർത്ഥന ചൊല്ലിക്കൊണ്ട് നാം 2025 ജൂബിലി വർഷം ഔദ്യോഗികമായി ആരംഭിക്കുന്നു.

**2)** മാർപാപ്പയുടെ ആഹ്വാനമനുസരിച്ച് റോമിലേക്കും മറ്റ് തീർത്ഥാടനസ്ഥലങ്ങളിലേക്കും രൂപതാ അടിസ്ഥാനത്തിൽ ഒരു **Pilgrimage** നടത്തുന്നുണ്ട്. താൽപ്പര്യമുള്ളവർ നിങ്ങളുടെ വികാരിയച്ചനെ അറിയിക്കേണ്ടതാണ്.

**3)** പുതുതായി നാം നിർമ്മിച്ച കത്തീഡ്രൽ ദേവാലയം ഈ ജൂബിലി വർഷം ഒരു തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കുകയാണ്. സാധിക്കുന്ന ഇടവകകളിൽ നിന്നും കത്തീഡ്രൽ ദേവാലയത്തിലേക്ക് തീർത്ഥാടനമായി വരികയും വിശുദ്ധകുർബ്ബാനയിലും അനുരഞ്ജന കൂദാശയിലും പങ്കു ചേരുകയും ചെയ്യുന്നത് അർത്ഥപൂർണ്ണമാണ്.

**4)** ജൂബിലി വർഷം മാതാപിതാക്കൾക്കും യുവാക്കൾക്കും കുട്ടികൾക്കും പ്രത്യേക നവീകരണ ധ്യാനം നടത്തപ്പെടുന്നതാണ്.

**5)** രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 4 പ്രമാണരേഖകളെക്കുറിച്ചുള്ള **Online** ക്ലാസ്സുകൾ രൂപതാംഗങ്ങൾക്ക് നൽകുന്നതാണ്. എല്ലാവരും പങ്കുചേരണമെന്ന് സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു.

ഒരിക്കൽ കൂടി ക്രിസ്തുമസ്സിന്റെയും ജൂബിലി വർഷത്തിന്റെയും മംഗളങ്ങൾ നേരുന്നു. നമ്മുടെ കർത്താവീശോ മിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധത്മാവിന്റെ സഹവാസവും നിങ്ങളോട് കൂടെയുണ്ടായിരിക്കട്ടെ ഇപ്പോഴും എപ്പോഴും എന്നേയ്ക്കും. ആമ്മേൻ.

മിശിഹായിൽ,

മാർ ജോൺ പനംതോട്ടത്തിൽ C.M.I

*ഈ സർക്കുലർ 2024 ഡിസംബർ 22-ാം തിയതി ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.*